**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **30-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപയോഗയോഗ്യമല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ട്; ഇവ പുനർനിർമ്മിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (എ) | **എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (ബി) | നിലമ്പൂർ നഗരസഭയിൽ വൃന്ദാവനിലെ 63-ആം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (ബി) നിലമ്പൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. ആര്യാടൻ ഷൗക്കത്ത് സമർപ്പിച്ച നിലമ്പൂർ നഗരസഭയിലെ വൃന്ദാവനിലെ 63ാം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിൽ വിശദമായ അന്വേഷണം നടത്തി നിലമ്പൂർ നഗരസഭയിലെ ചന്തകുന്ന് പ്രദേശത്തെ വൃന്ദാവനിലെ സ്വന്തമായി 10 സെന്റിലധികം സ്ഥലമുള്ള സെന്റർ നമ്പർ. 63 അങ്കണവാടി നിലവിലുള്ള മാനദണ്ഡങ്ങൾ (വകുപ്പ് വിഹിതവും, തദ്ദേശ സ്വയം ഭരണ വകുപ്പ്/എം.എൽ.എ വിഹിതവും 50:50 അനുപാതത്തിൽ) പാലിച്ചുകൊണ്ട് 2025-26 ലെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിച്ച്, വിശദമായ പ്രപ്പോസൽ സമർപ്പിക്കുന്നതിന് മലപ്പുറം ജില്ലാതല ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാകുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ? | (സി) | (സി) വകുപ്പിൽ നിന്നും സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 6 വ്യത്യസ്ത കെട്ടിട നിർമ്മാണ പ്ലാനുകളിൽ വകുപ്പ് വിഹിതവും, തദ്ദേശ സ്വയം ഭരണ വകുപ്പ്/എം.എൽ.എ വിഹിതവും 50:50 അനുപാതത്തിൽ പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നുണ്ട്. വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | വകുപ്പിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ MGNREGS പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നുണ്ട്. MGNREGS പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റായ 12 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ 60:40 ആനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും, 8 ലക്ഷം രൂപ MGNREGS വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, വഹിക്കുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ PM JANMAN പദ്ധതി പ്രകാരം PVTG ഹാബിറ്റേഷനുകളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 12 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു.<br><br>മേല്പറഞ്ഞ പദ്ധതികൾക്ക് പുറമേ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് , സി.എസ്.ആർ ഫണ്ട് എന്നിവ ഉപയോഗിച്ചും അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം | നിയോജക മണ്ഡലം | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടികൾ | | | ഇവ പുനർനിർമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സെന്റർ നമ്പർ | | |
| 1 | നിലമ്പൂർ | നിലമ്പൂർ | ചുങ്കത്തറ പഞ്ചായത്ത് | 1 | ഇല്ല | |
| 2 | | നിലമ്പൂർ | നിലമ്പൂർ മുനിസിപ്പാലിറ്റി | 62 | ഇല്ല | |
| 3 | | നിലമ്പൂർ | നിലമ്പൂർ മുനിസിപ്പാലിറ്റി | 63 | ഇല്ല | 2025-26 സാമ്പത്തിക വർഷം നിലമ്പൂർ മുനിസിപ്പാലിറ്റി നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| 4 | | നിലമ്പൂർ | നിലമ്പൂർ മുനിസിപ്പാലിറ്റി | 69 | ഇല്ല | 2025-26 സാമ്പത്തിക വർഷം നിലമ്പൂർ മുനിസിപ്പാലിറ്റി നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| 5 | | നിലമ്പൂർ | നിലമ്പൂർ മുനിസിപ്പാലിറ്റി | 96 | ഇല്ല | |
| 6 | | നിലമ്പൂർ അഡീഷണൽ | വഴിക്കടവ് | 37 | ഉണ്ട് | MGNREGS fund |
| 7 | | നിലമ്പൂർ അഡീഷണൽ | പോത്തുകല്ല് | 111 | ഉണ്ട് | LSGD Fund |
| 8 | | കാളികാവ് | കരുളായി | 21 | ഇല്ല | പ്രളയത്തിൽ തകർന്നതിന് ശേഷം പകരം സംവിധാനത്തിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| SL No | Area in Cents | Plinth Area of the Proposed Building | Unit Cost of Smart Anganwadi Scheme | Department Contribution (50%) | LSGD/MLA Contribution (50%) |
|---|---|---|---|---|---|
| 1 | 10 | 1655.23 | 52,00,000/- | 26,00,000/- | 26,00,000/- |
| 2 | 7.5 | 1352.52 | 48,20,000/- | 24,10,000/- | 24,10,000/- |
| 3 | 5 | 968.90 | 41,00,000/- | 20,50,000/- | 20,50,000/- |
| 4 | 3 | 789.75 | 31,44,000/- | 15,72,000/- | 15,72,000/- |
| 5 | 3 (Slopping Terrain) | 918.97 | 33,70,000/- | 16,85,000/- | 16,85,000/- |
| 6 | 1.25 | 581.00 | 26,80,000/- | 13,40,000/- | 13,40,000/- |

സെക്ഷൻ ഓഫീസർ